പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1569

04-12-2018-ൽ മറുപടിക്ക്

## കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുട്ടനാട് നിയോജക മണ്ഡലത്തിൽ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കുള്ള സബ്സിഡി നിരക്ക് ഉയർത്തിയിട്ടുണ്ടോ; | (എ) | 2018-19 വാർഷിക പദ്ധതിയിൽ സംസ്ഥാന ത്തൊട്ടാകെ നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിന് സബ്സിഡി നിരക്ക് ഹെക്ടറിന് 5500 രൂപയായി ഉയർത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ ആയത് ഹെക്ടറിന് 1500 രൂപയായിരുന്നു. കൂടാതെ പ്രളയാനന്തരം നെൽകൃഷി നശിച്ച കർഷകർക്ക് ഒരു ഹെക്ടറിന് 100 കിലോ എന്ന നിരക്കിൽ നെൽവിത്ത് സൗജന്യമായി നൽകിവരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത സബ്സിഡികൾ കർഷകർക്ക് വേഗത്തിൽ ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ ? | (ബി) | സബ്സിഡികൾ, കൃഷി ചെയ്യുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. DBT (ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ) മുഖാന്തിരം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് സബ്സിഡി തുക ക്രെഡിറ്റ് ചെയ്യുന്നതു വഴി കാലതാമസം കൂടാതെ കർഷകർക്ക് സബ്സിഡി തുക ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ